## പതിമൂന്നാം കേരളനിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : **289**

20. 06. 2014 - ലെ മറുപടിയ്ക്ക്

# പ്രകൃതി വിഭവങ്ങളുടെ വിവരശേഖരണം

| ചോദ്യം. | ഉത്തരം |
|---|---|
| ശ്രീ. പി.ഉബൈദുള്ള<br>" കെ.എം.ഷാജി<br>" കെ.എൻ.എ.ഖാദർ<br>" എം.ഉമ്മർ | ശ്രീ.കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി). |
| (എ) സംസ്ഥാനത്തിന്റെ പുരോഗതിക്ക് ഉപയോഗപ്പെടുത്താവുന്ന പ്രകൃതി വിഭവങ്ങൾ ഏതൊക്കെയെന്നും അവ എത്രത്തോളം സംസ്ഥാനത്ത് ലഭ്യമാണെന്നതും സംബന്ധിച്ച് ആസൂത്രണവുമായി ബന്ധപ്പെടുത്തി വിവരശേഖരണം നടത്തിയിട്ടുണ്ടോ; | (എ) പ്രകൃതി വിഭവങ്ങളിൽ ഭൂ-വിഭവങ്ങളും ജല വിഭവങ്ങളും സംബന്ധിച്ച വിവര ശേഖരണം വിവിധ പ്രോജക്ടുകളിലായി വിദൂരസംവേദന സാങ്കേതിക വിദ്യ ഉപയോഗിച്ച് കെ.എസ്.ആർ.ഇ.സി. ശേഖരിച്ചിട്ടുണ്ട്. കേരളത്തിലെ മണ്ണ്, ജലം, എന്നിവയെ സംബന്ധിക്കുന്ന പഠനങ്ങൾ കേരള സംസ്ഥാന ലാൻഡ് യൂസ് ബോർഡിന്റെ നേതൃത്വത്തിൽ നടത്തി വരുന്നു. |
| (ബി) എങ്കിൽ ഇതു സംബന്ധിച്ച് വിശദവിവരം നൽകുമോ; | (ബി) കേരളത്തിലെ മണ്ണ്, ജലം എന്നിവയുടെ സ്ഥലപരമായ വിവരങ്ങൾ വിവിധ തോതിൽ വിവിധ വർഷങ്ങളിലായി പഠന വിധേയമാക്കുകയും റിപ്പോർട്ടുകളായി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഭൂവിനിയോഗ രീതികൾ, മണ്ണിനങ്ങൾ, ജിയോമോർഫോളജി എന്നീ വിവരങ്ങളോടൊപ്പം വിവിധ |

ജലസ്രോതസ്സുകളായ നദികൾ, തോടുകൾ, തടാകങ്ങൾ, ജലാശയങ്ങൾ എന്നിവയെ സംബന്ധിക്കുന്ന വിവരങ്ങളാണ് കേരള സ്റ്റേറ്റ് ലാൻഡ് യൂസ് ബോർഡിൽ ലഭ്യമായിട്ടുള്ളത്. 1:50,000 തോതിൽ എല്ലാ ജില്ലകളെയും സംബന്ധിക്കുന്ന വിവരങ്ങളും 1:5000 തോതിൽ പഞ്ചായത്ത് വിഭവ ഭൂപടം തയ്യാറാക്കിയ 750 പഞ്ചായത്തുകളുടെയും വിവരങ്ങൾ ലഭ്യമാണ്. പ്രധാനമായും 1:50,000, 1:12,500 സ്കെയിലിൽ ഭൂപ്രകൃതി, ഭൂവിനിയോഗം, ഭൂഗർഭജലലഭ്യത, ഉപരിതല ജലസ്രോതസ്സുകൾ, തുടങ്ങിയ വിവരങ്ങൾ കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്ററിൽ വിവിധ കാലങ്ങളിൽ ശേഖരിച്ചിട്ടുണ്ട്.

(സി) പരിസ്ഥിതിക്ക് ഗുരുതര പ്രത്യാഘാതമുണ്ടാക്കാത്ത വിധം ഇവയുടെ ചൂഷണം ഏതുവിധം നടത്താമെന്നതും ലാഭകരമായ വിധം ഉപയോഗപ്പെടുത്താമെന്നതും സംബന്ധിച്ച് മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം നൽകാമോ?

(സി) പ്രകൃതി വിഭവങ്ങളായ മണ്ണ്, ജലം എന്നിവയുടെ ശരിയായ വിനിയോഗത്തെക്കുറിച്ചുള്ള ഒരു സമഗ്രമായ നയം ''ഭൂവിനിയോഗ നയം'' കേരള സ്റ്റേറ്റ് ലാൻഡ് യൂസ് ബോർഡ് തയ്യാറാക്കി സംസ്ഥാന സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പരിസ്ഥിതിക്ക് പ്രത്യാഘാതമുണ്ടാക്കാത്ത വിധം മണ്ണ്, ജലം, ജൈവസമ്പത്ത് എന്നീ പ്രകൃതി വിഭവങ്ങളുടെ വിനിയോഗം നടത്തുന്നത് സംബന്ധിച്ച് തയ്യാറാക്കുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ട് തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളുടെ ഭരണസമിതിയും ജില്ലാ ആസൂത്രണ സമിതിയും പരിശോധിച്ച് അംഗീകരിച്ച ശേഷം സംസ്ഥാന നോഡൽ ഏജൻസി അന്തിമ അനുമതി നൽകുന്നു. പ്രസ്തുത പ്രോജക്ട് റിപ്പോർട്ട് പ്രകാരം കേരള സ്റ്റേറ്റ് ലാൻഡ് യൂസ് ബോർഡ് പദ്ധതി നടപ്പിലാക്കിവരുന്നു. 2009-10 മുതൽ നാളിതുവരെ 71 പ്രോജക്ടുകൾ ഈ പദ്ധതിയിൻ കീഴിൽ അംഗീകാരം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**